ഗ്രാമീണ റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ

78 (3719) ശ്രീ. രാജു എബ്രഹാം :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമീണ റോഡുകളുടെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ ;

(സി) റോഡ് നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ഫണ്ടിന്റെ കീഴിൽ റോഡു പണിയുടെ അടങ്കൽ ഇപ്പോൾ എത്രയാണ് ; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഗ്രാമീണ റോഡുകളുടെ നിർമ്മാണ ചുമതല ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ഇപ്പോൾ നടപ്പാക്കുന്നത് ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കിലോ മീറ്റർ ഗ്രാമീണ റോഡുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിൽ നബാർഡ് ഏറ്റെടുത്ത് നന്നാക്കുന്ന റോഡുകൾ

79 (3720) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നബാർഡ് ഏറ്റെടുത്ത് നന്നാക്കുന്നതിന് എത്ര റോഡുകളുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട് എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പണി ആരംഭിച്ചിട്ടുള്ള റോഡുകളുടെ പേരു വിവരം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അറ്റകുറ്റപ്പണികൾ ചെയ്യാതെ കിടക്കുന്ന അതിപ്രധാനമായ വർക്കല-കല്ലമ്പലം റോഡും വർക്കല-പാരിപ്പള്ളി റോഡും നബാർഡ് മുഖേന പുനരുദ്ധാരണ ജോലികൾ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാനായി തിരുവനന്തപുരം ജില്ലയിലെ നാലു റോഡുകളുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട്.

1. വേളി-കഠിനംകുളം റോഡ്
2. കെൽട്രോൺ ജംഗ്ഷൻ-കുമ്മപ്പള്ളി റോഡ്
3. ഒറ്റശേഖരമംഗലം - ഒലട്ടിമൂട്-പ്ലാമ്പഴഞ്ഞി - വലിയവഴി റോഡ്
4. കിളിമാനൂർ പോലീസ് സ്റ്റേഷൻ തൊളിക്കുഴി റോഡ്

(ബി) ഇവയിൽ ഒന്നിന്റെയും പണി ആരംഭിച്ചിട്ടില്ല.

(സി) നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിന് പ്രധാന ജില്ലാതല റോഡുകൾ പരിഗണിച്ചു തുടങ്ങിയിട്ടില്ല. ആയതിനാൽ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ ജോലികൾ നബാർഡ് മുഖേന ചെയ്യുവാൻ നിർവ്വാഹമില്ല.

കണ്ണൻകടവ് എറപ്പാട് റോഡിന്റെ പ്രവൃത്തി

80 (3721) ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേമഞ്ചേരി പഞ്ചായത്തിലെ കണ്ണൻകടവ് എറപ്പാട് റോഡിന്റെ പ്രവൃത്തി പി.ഡബ്ലിയു.ഡി. എന്നാണ് ഏറ്റെടുത്ത് നടത്തിയത് ;

(ബി) ടെൻഡർ ക്ഷണിച്ചപ്പോൾ ഏതെല്ലാം പ്രവർത്തികൾ ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത് ; എത്ര സംഖ്യയ്ക്കായിരുന്നു ടെൻഡർ ;

(സി) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാവാതിരിക്കാൻ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റോഡ് ഗതാഗതയോഗ്യമല്ലാത്തതുകൊണ്ട് നാട്ടുകാർ പ്രക്ഷോഭത്തിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) റോഡിന്റെ പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ചേമഞ്ചേരി പഞ്ചായത്തിലെ കാട്ടിലപീടിക കണ്ണൻകടവ്-കപ്പക്കടവ് റോഡ് കിലോമീറ്റർ 0/0 മുതൽ 3/*250 വരെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ.(ആർ.റ്റി.) 552/94/ പി.ഡബ്ലിയു ആന്റ് റ്റി. തീയതി 8-3-1994 പ്രകാരം ഏറ്റെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly